പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3124   13.07.2015- ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി എടത്വാ ഡിപ്പോ കെട്ടിടം നിർമ്മാണം**

| | ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച എടത്വാ കെ.എസ്.ആർ.ടി.സി ഡിപ്പോ കെട്ടിടം നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കരാറുകാരൻ 21/04/2014-ൽ എഗ്രിമെന്റിൽ ഏർപ്പെട്ടുവെങ്കിലും സ്ഥലത്ത് കെ.എസ്.ഇ.ബി പോസ്റ്റ് മാറ്റുവാൻ ഉള്ളതിനാൽ 1 മാസം കഴിഞ്ഞാണ് പണികൾ ആരംഭിക്കാനായത്. ഉദ്ദേശം 70% പണികൾ പൂർത്തീകരിച്ചതിനെ തുടർന്ന് കരാറുകാരൻ part payment claim ചെയ്യുതതിനെ തുടർന്ന് സർക്കാരിൽ നിന്നും 05/05/2015-ൽ ഫണ്ട് അനുവദിച്ച് ഉത്തരവാകുകയും തുക കോൺട്രാക്ടർക്ക് അനുവദിക്കുകയുമുണ്ടായി. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കരാറുകാരന് എത്ര തുക അനുവദിച്ചുവെന്നും ഇനി ഏതെല്ലാം വർക്കുകൾ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | 17,45,392/- രൂപ അനുവദിച്ചു. Painting, tile work, fittings എന്നിവ ബാക്കിയുണ്ട്. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ധനകാര്യ വകുപ്പ് തുക അനുവദിച്ച് തന്നിട്ടും സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തികരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ: | (സി) | ധനകാര്യവകുപ്പിൽ നിന്നും 05/05/2015-ൽ മാത്രമാണ് തുക അനുവദിച്ചു കിട്ടിയത്. പാർട്ട് ബിൽ കിട്ടുവാൻ വൈകിയതിനാൽ കരാറുകാരൻ പണികൾ നിർത്തിവച്ചിരിക്കുകയായിരുന്നു. |
| (ഡി) | പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തികരിക്കുമെന്ന് വിശദമാക്കുമോ:? | (ഡി) | ബാക്കി പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് കരാറുകാരന് 06/07/2015-ന് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ